## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത — 21.10.2011-ൽ

ചോദ്യം നമ്പർ : 4927 — മറുപടിക്ക്.

### 'എമർജിംഗ് കേരള' പദ്ധതിയുടെ പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ. കെ.എൻ.എ. ഖാദർ :
ശ്രീ. കെ.എം. ഷാജി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി.ബി. അബ്ദുൾ റസാക് :

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി)

(എ) 'എമർജിംഗ് കേരള' പദ്ധതി മുഖേന എത്ര കോടി രൂപയുടെ വിദേശ മൂലധനമാണ് പ്രതീക്ഷിക്കുന്നത് ;

(എ) സർക്കാരിന്റെ വിവിധ വകുപ്പുകൾ എമർജിംഗ് കേരള നിക്ഷേപക സംഗമത്തിൽ അവതരിപ്പി--ക്കേണ്ട പദ്ധതികൾ തയ്യാറാക്കി വരികയാണ്. ഇതിന് ശേഷം മാത്രമേ ആകെ എത്ര മൂലധന നിക്ഷേപമാണ് പ്രതീക്ഷിക്കുന്നതെന്ന് നിശ്ചയിക്കുവാൻ സാധിക്കുകയുള്ളു.

(ബി) ഏതെല്ലാം വ്യവസായങ്ങൾക്കാണ് ഈ സംരംഭക പരിപാടിയിൽ മുൻഗണന നൽകുന്നത് ;

(ബി) ഐ.ടി, ടൂറിസം, ആരോഗ്യം, എഞ്ചിനീയറിംഗ് & ആട്ടോമോട്ടീവ്, വ്യാപാരം, ഫുഡ് & അഗ്രൊ പ്രോസസ്സിംങ്ങ്, ജുവലറി, ടെക്സറ്റയിൽസ്, പോർട്ട്, ബയോടെക്നോളജി - നാനോ ടെക്നോളജി - ഫാർമസ്യൂട്ടിക്കൽസ്, പെട്രോ കെമിക്കൽസ്, വാതകാധിഷ്ഠിത അടിസ്ഥാന സൗകര്യ വികസനം, എൻവയോൺമെന്റ് ടെക്നോളജി, എയർപോർട്ട്, ജലവിതരണം, റെയർ എർത്ത് മിനറൽസ്, ഇലക്ട്രോണിക്, വിദ്യാഭ്യാസം, ഗ്രീൻ എനർജി, നഗര അടിസ്ഥാന സൗകര്യ വികസനം, ലോജിസ്റ്റിക്സ് പാർക്ക്, ഇൻഫോടെയിൻമെന്റ്, വാട്ടർ ടെക്നോളജീസ്, അടിസ്ഥാന വ്യവസായ വികസനം, സെന്റേർസ് ഓഫ് എക്സെലൻസ്, അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ തെരഞ്ഞെടുക്കപ്പെട്ട 26 മേഖലകളിലുള്ള വ്യവസായങ്ങൾക്കാണ് ഈ സംരംഭക പരിപാടികൾ മുൻഗണന നൽകുന്നത്.

(സി) സ്വദേശത്തു നിന്നും സമാഹരിക്കുവാൻ കഴിയുന്ന മൂലധനത്തിന്റെ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ ?

(സി) ഉണ്ട്. ഇതിന്റെ ഭാഗമായി ഇന്ത്യക്കകത്ത് പ്രധാന നഗരങ്ങളിൽ റോഡ് ഷോകൾ നടത്തുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**